എ.വൈ.ആർ


സൂറഃ-9

# അത്തൗബ

لَا تَقُمْ فِيهِ أَبَدًا ۚ لَّمَسْجِدٌ أُسِّسَ عَلَى ٱلتَّقْوَىٰ مِنْ أَوَّلِ يَوْمٍ أَحَقُّ أَن تَقُومَ فِيهِ ۚ فِيهِ رِجَالٌ يُحِبُّونَ أَن يَتَطَهَّرُوا۟ ۚ وَٱللَّهُ يُحِبُّ ٱلْمُطَّهِّرِينَ ﴿١٠٨﴾

أَفَمَنْ أَسَّسَ بُنْيَٰنَهُۥ عَلَىٰ تَقْوَىٰ مِنَ ٱللَّهِ وَرِضْوَٰنٍ خَيْرٌ أَم مَّنْ أَسَّسَ بُنْيَٰنَهُۥ عَلَىٰ شَفَا جُرُفٍ هَارٍ فَٱنْهَارَ بِهِۦ فِى نَارِ جَهَنَّمَ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿١٠٩﴾

لَا يَزَالُ بُنْيَٰنُهُمُ ٱلَّذِى بَنَوْا۟ رِيبَةً فِى قُلُوبِهِمْ إِلَّآ أَن تَقَطَّعَ قُلُوبُهُمْ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١١٠﴾

**108.** ആ കെട്ടിടത്തിൽ നീ ഒരിക്കലും നമസ്കരിച്ചു പോകരുത്. തുടക്കംതൊട്ടേ ദൈവഭക്തിയുടെ അസ്തിവാരത്തിൽ സ്ഥാപിക്കപ്പെട്ട പള്ളിതന്നെയാകുന്നു നിനക്ക് നമസ്കരിക്കാൻ ഏറ്റം യോഗ്യമായിട്ടുള്ളത്. സാത്വികരാകാനാഗ്രഹിക്കുന്ന മനുഷ്യർ അതിലാണുള്ളത്. അല്ലാഹു സ്നേഹിക്കുന്നത് സാത്വികരെയാകുന്നു.

**109.** തന്റെ കെട്ടിടത്തിന് ദൈവത്തോടുള്ള ഭക്തിയുടെയും അവന്റെ പ്രീതിയുടെയും അടിത്തറയിട്ടവനാണോ ഉത്തമൻ, അതല്ല അടിമണ്ണിളകി ഇടിഞ്ഞുവീഴാറായ മൺതിട്ടയുടെ വിളുമ്പിൽ കെട്ടിടം പണിയുകയും അങ്ങനെ അതവനെയും കൊണ്ട് നരകാഗ്നിയിലേക്ക് ഇടിഞ്ഞുവീഴുകയും ചെയ്തവനോ? അധർമികളായ ജനത്തെ അല്ലാഹു മാർഗദർശനം ചെയ്യുന്നില്ല.

**110.** അവർ പടുത്തുയർത്തിയ കെട്ടിടം അവരുടെ മനസ്സിൽ ആശങ്കകളുണ്ടാക്കിക്കൊണ്ടേയിരിക്കും. അവരുടെ മനസ്സുകൾ ശിഥിലമാവുക എന്നല്ലാതെ, അതിൽനിന്ന് മോചനംനേടാൻ യാതൊരു മാർഗവുമില്ല. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.

لَا تَقُمْ= നീ നിൽക്കരുത്(നമസ്കരിച്ചുപോകരുത്) فِيهِ= അതി(ആ കെട്ടിടത്തി)ൽ أَبَدًا = ഒരുകാലത്തും, ഒരിക്കലും
لَّمَسْجِدٌ= പള്ളിതന്നെയാകുന്നു أُسِّسَ = അടിത്തറയിടപ്പെട്ടു, സ്ഥാപിക്കപ്പെട്ടു(ട്ട) عَلَى ٱلتَّقْوَىٰ= ദൈവഭക്തിയിന്മേൽ(ഭക്തിയുടെ)
مِنْ أَوَّلِ يَوْمٍ= ഒന്നാം നാൾ മുതൽ(തുടക്കംതൊട്ടേ) أَحَقُّ = ഏറ്റം അർഹമായത്, യോഗ്യമായത്
أَن تَقُومَ= നീ നിൽക്കുവാൻ(നമസ്കരിക്കുവാൻ) فِيهِ= അതിൽ فِيهِ= അതിൽ(ആണുള്ളത്) رِجَالٌ= പുരുഷന്മാർ, മനുഷ്യർ
يُحِبُّونَ= അവർ ഇഷ്ടപ്പെടുന്നു(ആഗ്രഹിക്കുന്നു) أَن يَتَطَهَّرُوا۟= പരിശുദ്ധ(സാത്വിക)രാകാൻ
وَٱللَّهُ يُحِبُّ= അല്ലാഹു ഇഷ്ടപ്പെടുന്നു(ന്നത്) ٱلْمُطَّهِّرِينَ= സംശുദ്ധരെ(സാത്വികരെയാകുന്നു)
أَفَمَنْ أَسَّسَ= അടിത്തറയിട്ടവൻ, സ്ഥാപിച്ചവൻ ആണോ بُنْيَٰنَهُۥ= തന്റെ കെട്ടിടം(ത്തിന്) عَلَىٰ تَقْوَىٰ= ദൈവഭക്തിയിന്മേൽ(യുടെയും)
مِنَ ٱللَّهِ= അല്ലാഹുവിനോടുള്ള وَرِضْوَٰنٍ= (ദൈവ) പ്രീതിയിന്മേലും(പ്രീതിയുടെയും) خَيْرٌ= ഉത്തമൻ أَم= അതല്ല, അല്ലെങ്കിൽ

مَّنْ أَسَّسَ = അടിത്തറയിട്ട, സ്ഥാപിച്ചവനോ بُنْيَـٰنَهُۥ = തന്റെ കെട്ടിടം(ടത്തിന്) عَلَىٰ شَفَا جُرُفٍ = അടിമണ്ണിളകിയ മൺതിട്ടയുടെ വിളുമ്പിൽമേൽ
هَارٍ = (വീഴാറായ) ഇടിഞ്ഞു വീഴുന്ന فَٱنْهَارَ بِهِۦ = അങ്ങനെ അത് അവനെയുംകൊണ്ട് ഇടിഞ്ഞുവീണു فِى نَارِ جَهَنَّمَ = നരകാഗ്നിയിൽ
وَٱللَّهُ لَا يَهْدِى = അല്ലാഹു മാർഗദർശനം ചെയ്യുന്നില്ല ٱلْقَوْمَ ٱلظَّـٰلِمِينَ = അധർമികളായ ജനത്തെ
لَا يَزَالُ = ആയി(ഉണ്ടാക്കി)ക്കൊണ്ടേയിരിക്കും بُنْيَـٰنُهُمُ = അവരുടെ കെട്ടിടം ٱلَّذِى بَنَوْا۟ = അവർ നിർമിച്ചതായ
رِيبَةً = (ആശങ്കകൾ) സംശയത്തെ فِى قُلُوبِهِمْ = അവരുടെ മനസ്സുകളിൽ
إِلَّآ أَن تَقَطَّعَ = (അതിൽനിന്ന് യാതൊരു മോചന മാർഗവും ഇല്ല) അല്ലാതെ മുറിഞ്ഞുപോവുക, ശിഥിലമാവുക
قُلُوبُهُمْ = അവരുടെ മനസുകൾ وَٱللَّهُ عَلِيمٌ = അല്ലാഹു എല്ലാം അറിയുന്നവനാകുന്നു حَكِيمٌ = യുക്തിമാ(നും)നായ

**108:** മുൻ സൂക്തത്തിൽ പരാമർശിച്ച 'വിദ്രോഹ ഭവനം' കപടവിശ്വാസികൾ പള്ളി എന്നപേരിൽ നിർമിച്ചുകഴിഞ്ഞുവെങ്കിലും പ്രവാചകൻ അതിൽ നമസ്കാരം നിർവഹിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു അതിന്റെ വിജയം. പ്രവാചകൻ നമസ്കരിക്കുന്നതോടെ, ആ ചെകുത്താൻകൂട് അല്ലാഹുവിന്റെ ഭവനമായി പരക്കെ അംഗീകരിക്കപ്പെടും. പിന്നീടതു പൊളിച്ചുകളയാൻ ന്യായമുണ്ടാവില്ല. അതുകൊണ്ട് പ്രവാചകൻ ഒരിക്കലും ആ പള്ളിയിൽ പോയി നമസ്കരിച്ചുകൂടാ എന്നു വിലക്കിയിരിക്കുകയാണ്. ദൈവനിഷേധ പ്രവർത്തനത്തിനും വിശ്വാസികളെ ഭിന്നിപ്പിക്കുന്നതിനും ഇസ്‌ലാമിന്റെ ശത്രുക്കളുടെ കേന്ദ്രമാകുന്നതിനും സഹായകമാകുന്ന വിധത്തിൽ, ഏതുകാലത്തും എവിടെയും നിർമിക്കപ്പെടുന്ന എല്ലാ പള്ളികൾക്കും ഈ വിലക്ക് ബാധകമാകുന്നു. സത്യവിശ്വാസികൾ അതിൽ പോയി നമസ്കരിച്ചു കൂടാ; വിശ്വാസികളുടെ നേതൃത്വം ഒരിക്കലും പാടില്ല. لَا تَقُمْ فِيهِ أَبَدًا (നീ ഒരുകാലത്തും അതിൽ നിൽക്കരുത്) എന്നാണ് മൂലവാക്യം. قيام ൽനിന്നുള്ളതാണ് تَقُمْ. നിറുത്തം എന്നാണ് قيام ന്റെ ഭാഷാർഥമെങ്കിലും നമസ്കാരം എന്ന പ്രയോഗാർഥത്തിലും ഈ പദം പ്രചുരമാണ്. قيام الّيل നിശാ നമസ്കാരമാണ്. 'മൂടിപ്പുതച്ചു കിടക്കുന്നവനേ, രാത്രി എഴുന്നേറ്റു നമസ്കരിക്കുക' എന്നാണ് يَـٰٓأَيُّهَا ٱلْمُزَّمِّلُ ۝١ قُمِ ٱلَّيْلَ എന്ന വാക്യത്തിനർഥം. ഈ സൂക്തത്തിലും അടുത്ത സൂക്തത്തിലുമുള്ള أُسِّسَ - أَسَّسَ എന്നീ ക്രിയാപദങ്ങൾ أساس (അടിത്തറ) എന്ന മൂലത്തിൽനിന്നുള്ളതാണ്. أَسَّسَ ക്ക് അടിത്തറയിട്ടു എന്നും സ്ഥാപിച്ചു എന്നും അർഥമുണ്ട്. مؤسّسة സ്ഥാപനം, ഫൗണ്ടേഷൻ, ഇൻസ്റ്റിറ്റ്യൂഷൻ തുടങ്ങിയ അർഥങ്ങളിൽ ഉപയോഗിക്കുന്നു. مؤسس സ്ഥാപകനുമാകാം, അസ്തിവാരമിട്ടയാളുമാകാം.

പ്രവാചകന്നും അനന്തര മുസ്‌ലിം നേതൃത്വത്തിന്നും യഥാർഥ വിശ്വാസികൾക്കും നമസ്കരിക്കാൻ യോഗ്യമായ പള്ളിയുടെ യഥാർഥ അടിത്തറ നിഷ്കളങ്കമായ ദൈവഭക്തിയും അല്ലാഹുവിന്റെ പ്രീതിയിലുള്ള താൽപര്യവുമാണ്. കല്ലും മണ്ണും കുമ്മായവുമൊക്കെ ഏതു കെട്ടിടത്തിന്റെയും ഭൗതികഘടനയുടെ അടിത്തറയാണ്. വിഗ്രഹാലയങ്ങളും കശാപ്പുശാലകളും വേശ്യാലയങ്ങളുമെല്ലാം ഉണ്ടാക്കുന്നത് ഇതേ അടിത്തറയിൽ തന്നെയാണ്. ഏതു കെട്ടിടത്തിന്റെയും ഭൗതികമായ അടിത്തറ നിർമിക്കപ്പെടുന്നതിനുമുമ്പ് നിർമാതാവിന്റെ ഉള്ളിൽ വിചാരപരമായ ഒരടിത്തറ നിർമിതമാകുന്നുണ്ട്. അതാണ് ഉദ്ദേശ്യം, അല്ലെങ്കിൽ ലക്ഷ്യം. കെട്ടിടത്തിന്റെ ഭൗതിക ഘടനയെയും ആത്മീയ ഘടനയെയും ഒന്നിച്ചുൾക്കൊള്ളുന്ന കെട്ടിടം പള്ളിയോ പാഠശാലയോ ചന്തപ്പുരയോ ചുങ്കപ്പുരയോ ഒക്കെ ആയിത്തീരുന്നത് ഈ അടിത്തറയനുസരിച്ചാണ്. ദൈവഭക്തിയും ദൈവ പ്രീതിയിലുള്ള താൽപര്യവുമാണ് പള്ളിയുടെ വിചാരപരമായ അടിത്തറ. ഈ അടിത്തറയിൽ പടുത്തുയർത്തപ്പെടുന്ന കെട്ടിടമേ വിശ്വാസികൾക്ക് നമസ്കാരയോഗ്യമായ പള്ളിയാകൂ. ഭൗതികമായ ഏതെങ്കിലും നേട്ടത്തിന് വേണ്ടി, വിശ്വാസികളിൽ ഭിന്നിപ്പുണ്ടാക്കാൻ, പരസ്പര മാത്സര്യത്തെ തൃപ്തിപ്പെടുത്താൻ ഒക്കെ നിർമിക്കപ്പെടുന്ന പള്ളികൾ യഥാർഥത്തിൽ പള്ളികളേ അല്ല.

مِنْ أَوَّلِ يَوْمٍ (ഒന്നാം നാൾ മുതൽ) എന്ന വാക്കിന് സാന്ദർഭികമായ ഒരർഥവും പൊതുവായ ഒരർഥവുമുണ്ട്. സാന്ദർഭികമായ അർഥം, മസ്ജിദ് ഖുബാഅ് ആണ് പ്രവാചകന്നും വിശ്വാസികൾക്കും നമസ്കാരയോഗ്യമായ പള്ളി എന്നാണ്. ഇസ്‌ലാമിൽ ആദ്യമായി നിർമിക്കപ്പെട്ട പള്ളിയാണത്. ദൈവഭക്തിയിലും ദൈവപ്രീതിയിലുള്ള താൽപര്യത്താലും മാത്രം പ്രേരിതമായിട്ടാണ് അത് നിർമിക്കപ്പെട്ടത്. അതിനെതിരായിട്ടാണ് മസ്ജിദുദ്ദിറാർ നിർമിതമായത്. മസ്ജിദ് ഖുബാഇന്ന് തറക്കല്ലിട്ടത് പ്രവാചകനാണെന്ന് പ്രസ്താവമുണ്ട്. ഹസൻ(റ) പ്രസ്താവിച്ചതായി അബുശ്ശൈഖ് ഉദ്ധരിക്കുന്നു: "തഖ്‌വയിന്മേൽ സ്ഥാപിതമായ മസ്ജിദിന് റസൂൽ(സ) തറക്കല്ലിട്ടു. ഓരോ ഇഷ്ടിക ഉയർത്തുമ്പോഴും തിരുമേനി إن الخير خير الآخرة (നന്മയത്രയും പാരത്രിക നന്മയാണ്) എന്നു പറയുമായിരുന്നു. പിന്നീടത് അദ്ദേഹത്തിന്റെ സഹോദരൻ വാങ്ങുന്നു. റസൂൽ പറഞ്ഞത് അയാളും പറയുന്നു. ഇഷ്ടിക ലക്ഷ്യസ്ഥാനത്തെത്തുന്നതുവരെ അത് അങ്ങനെയായിരുന്നു. അനന്തരം മറ്റൊരു ഇഷ്ടിക ഉയർത്തും. അപ്പോഴദ്ദേഹം പറയും: اللهم اغفر الانصار والمهاجرة (അല്ലാഹുവേ, അൻസ്വാറുകൾക്കും മുഹാജിറുകൾക്കും പാപമുക്തിയരുളേണമേ!) പിന്നെ അത് അദ്ദേഹത്തിന്റെ സഹോദരൻ ഏറ്റുവാങ്ങുന്നു. അയാളും നബി(സ) പറഞ്ഞതുപോലെ പറയുന്നു. അത് അതിന്റെ സ്ഥാനത്തെത്തുന്നതുവരെ."

പൊതുവായ അർഥം ഇതാണ്: പള്ളിനിർമാണം അടക്കം സത്യവിശ്വാസിയുടെ എല്ലാ കർമങ്ങളുടെയും അസ്തിവാരം ദൈവഭക്തിയും അവന്റെ തൃപ്തിയും തന്നെ ആയിരിക്കേണ്ടതാണ്. നിർബന്ധമായ ആരാധനാ കർമങ്ങൾതൊട്ട് മലമൂത്ര വിസർജനംവരെയുള്ള ഒരു ജീവിത വ്യവഹാരവും അതിൽ നിന്നൊഴിവല്ല. ശൗചാലയത്തിൽ കടക്കുമ്പോഴും പുറത്തുവരുമ്പോഴും പാലിക്കാൻ കൽപിക്കപ്പെട്ട രീതികളും ഉരുവിടാൻ നിർദേശിക്കപ്പെട്ട പ്രാർഥനകളും അതാണ് മനസ്സിലാക്കിത്തരുന്നത്. അങ്ങനെ സത്യവിശ്വാസിയുടെ ഓരോ ജീവിത ചലനവും അല്ലാഹുവിനുള്ള ഇബാദത്തായിത്തീരുന്നു.

فِيهِ رِجَالٌ يُحِبُّونَ أَن يَتَطَهَّرُوا۟.......... എന്ന വാക്യത്തിനുമുണ്ട് സാന്ദർഭികമായ അർഥവും പൊതുവായ അർഥവും. സാന്ദർഭികമായ അർഥത്തിൽ فِيهِ (അതിൽ) എന്നതിലെ 'അത്' ഖുബാ മസ്ജിദാണ്. رِجَالٌ (ആളുകൾ) എന്നതുകൊണ്ടുദ്ദേശ്യം ഖുബാ മസ്ജിദിൽ നമസ്കരിക്കുന്ന അൻസ്വാറുകളും. ഭക്തിയുടെയും ദൈവപ്രീതിയുടെയും അടിത്തറയിൽ പടുത്തുയർത്തിയ ഖുബാ മസ്ജിദിൽ പൊയ്ക്കൊണ്ടിരിക്കുന്ന അൻസ്വാറുകളാണ്

യഥാർഥത്തിൽ ആത്മീയവും ഭൗതികവുമായ മാലിന്യങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ട് സാത്വികരാകാൻ അഗ്രഹിക്കുന്നവർ. അത്തരം ആളുകളെയാണ് അല്ലാഹു സ്നേഹിക്കുന്നതും. കാപട്യവും ശത്രുതയും ദുരാഗ്രഹങ്ങളുമാണ് ആത്മീയമായ മാലിന്യങ്ങൾ.

رِجَالٌ يُحِبُّونَ أَن يَتَطَهَّرُوا എന്ന വാക്യം അൻസ്വാറുകൾക്കുള്ള അല്ലാഹുവിന്റെ അനുമോദനമാണെന്ന് നബി(സ) അവരെ വിളിച്ച് അറിയിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിനാൽ പ്രശംസിക്കപ്പെടാൻ മാത്രം എന്തു സവിശേഷതയാണ് നിങ്ങളുടെ ശുചിത്വത്തിനുള്ളതെന്ന് നബി(സ) അവരോടാരായുകയുമുണ്ടായി. മാലിന്യങ്ങൾ ഉടൻ കഴുകിക്കളയും, വിസർജനം ചെയ്താൽ വെള്ളംകൊണ്ടുതന്നെ ശുദ്ധീകരിക്കും(വെള്ളം അസുലഭമായിരുന്ന അറേബ്യയിൽ വിസർജനാനന്തരം ചരൽക്കല്ലുകൾ ഉപയോഗിച്ച് ശുദ്ധീകരിക്കുക സാധാരണമാണ്), കുളിക്കേണ്ട കാരണമുണ്ടായാൽ ഉടൻ കുളിക്കും എന്നൊക്കെയായിരുന്നു അവരുടെ മറുപടി.

പൊതുവായ അർഥമിതാണ്: ദൈവഭക്തിയാലും അവന്റെ പ്രീതിയിലുള്ള താൽപര്യത്താലും പ്രേരിതരായി പള്ളിനിർമിക്കുന്നവരും, അത്തരം പള്ളിയിൽ പ്രാർഥനക്കെത്തുന്നവരുമാണ് യഥാർഥത്തിൽ ആന്തരികവും ബാഹ്യവുമായ ശുദ്ധീകരണം ആഗ്രഹിക്കുന്നവർ. അവരെയാണ് അല്ലാഹു ശുദ്ധീകരിച്ചെടുക്കുക.

ഈ സൂക്തത്തെ ആധാരമാക്കി ശരീരവും വസ്ത്രവും മാലിന്യങ്ങളിൽനിന്ന് ശുദ്ധീകരിച്ചുവെക്കുന്നതു സംബന്ധിച്ച് കർമശാസ്ത്ര പടുക്കൾ മൂന്നഭിപ്രായങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ശുചീകരണം വിശ്വാസിയുടെ നിർബന്ധ ബാധ്യതയാണെന്നാകുന്നു ഒരഭിപ്രായം. ശരീരത്തിലോ വസ്ത്രത്തിലോ മാലിന്യം പുരണ്ട അവസ്ഥയിൽ നമസ്കരിച്ചാൽ സാധുവാകില്ല; അതു മറന്നിട്ടാണെങ്കിൽ പോലും. ഇതാണ് ഇമാം ശാഫിഈയുടെയും അഹ്മദ് ബ്നു ഹമ്പലിന്റെയും നിലപാട്. ഒരു നിവേദനപ്രകാരം ഇമാം മാലിക്കും ഈ അഭിപ്രായക്കാരനാണ്. മൂത്രമൊഴിച്ചാൽ ശരിയായ വിധത്തിൽ ശുദ്ധീകരിക്കാറില്ലാത്ത ഒരാൾ ഖബറിൽ ശിക്ഷിക്കപ്പെടുന്നുവെന്ന് നബി(സ) പ്രസ്താവിച്ചതായി ബുഖാരി ഉദ്ധരിക്കുന്ന ഹദീസും, ഏറ്റവുമധികം ഖബർ ശിക്ഷ മൂത്ര ശുദ്ധീകരണത്തിന്റെ പേരിലാണെന്ന് നബി പ്രസ്താവിച്ചതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്ന മറ്റൊരു നിവേദനവും ഈ വീക്ഷണത്തെ പിന്തുണക്കുന്നതായി ഇമാം ഖുർത്വുബി ചൂണ്ടിക്കാണിച്ചിരിക്കുന്നു. നിർബന്ധ ബാധ്യതയിൽ വീഴ്ചവരുത്തിയാലേ ശിക്ഷിക്കപ്പെടൂ എന്നാണ് അദ്ദേഹത്തിന്റെ ന്യായം.

മാലിന്യത്തിന്റെ നന്നെ ചെറിയ അംശം ദേഹത്തോ വസ്ത്രത്തിലോ പറ്റിയതുകൊണ്ട് നമസ്കാരം അസാധുവാകില്ല. ഒരു ദിർഹം വട്ടത്തിൽ (ഏതാണ്ട് അമ്പതു പൈസ തുട്ടിന്റെ വട്ടത്തിൽ) മാലിന്യമുണ്ടായാൽ നമസ്കാരം മടക്കണം. അതിനെക്കാൾ ചെറിയതോതിൽ മാലിന്യമുണ്ടായതിന്റെ പേരിൽ മടക്കേണ്ടതു നിർബന്ധമില്ലെങ്കിലും സമയവും സന്ദർഭവും അനുവദിക്കുമെങ്കിൽ നമസ്കാരത്തിന്റെ പൂർണത ആഗ്രഹിച്ചുകൊണ്ട് മടക്കുന്നത് ഉത്തമമാകുന്നു. ഇതാണ് രണ്ടാമത്തെ അഭിപ്രായം. ഇമാം അബൂഹനീഫയും അബൂയൂസുഫുമാണ് ഇതിന്റെ വക്താക്കൾ. അവരുടെ തെളിവ് ഇതാണ്: നബി(സ) ഒരിക്കൽ ചെരിപ്പുധരിച്ച് നമസ്കരിച്ചുകൊണ്ടിരിക്കെ ചെരിപ്പിൽ മാലിന്യമുണ്ടെന്ന് മനസ്സിലായി. അപ്പോൾ തിരുമേനി ചെരിപ്പ് ഊരിക്കളഞ്ഞു. എന്നാൽ അതുവരെ നിർവഹിച്ച നമസ്കാരം മടക്കുകയുണ്ടായില്ല. മാലിന്യം നീക്കൽ സുന്നത്തും മാലിന്യത്തോടൊപ്പം നമസ്കരിക്കുന്നത് സാധുവും ആണെന്നാണിതിനർഥം.

ശരീരത്തിൽനിന്നും വസ്ത്രത്തിൽനിന്നും മാലിന്യം നീക്കംചെയ്യൽ സുന്നത്താണ്, നിർബന്ധ ബാധ്യതയല്ല എന്നാണ് മൂന്നാമത്തെ അഭിപ്രായം. ഇമാം മാലിക്കിൽനിന്നും ശിഷ്യന്മാരിൽനിന്നും ഉദ്ധരിക്കപ്പെടുന്ന മറ്റൊരു നിവേദനത്തിലാണ് ഈ അഭിപ്രായമുള്ളത്. രണ്ടാമത്തെ അഭിപ്രായക്കാർ ഉദ്ധരിച്ച സംഭവം തന്നെയാണ് ഇക്കൂട്ടരും തെളിവായി ഉദ്ധരിക്കുന്നത്.

ഈ സൂക്തത്തെയും സൂറത്തുൽ *മുദ്ദസ്സിറി*ലെ وَثِيَابَكَ فَطَهِّرْ (നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കിവെക്കുക) എന്ന സൂക്തത്തെയും, ഉപരിസൂചിതമായ നിവേദനങ്ങളെയും ഒന്നാമത്തെയും രണ്ടാമത്തെയും വീക്ഷണങ്ങളെയും സമന്വയിപ്പിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്: ശരീരവും വസ്ത്രവും ശുചിയാക്കിവെക്കേണ്ടത് വിശ്വാസിയുടെ നിർബന്ധ ബാധ്യതയാകുന്നു. ശരീരവും വസ്ത്രവും മലിനമായ അവസ്ഥയിൽ അതറിഞ്ഞുകൊണ്ട് നമസ്കരിച്ചാൽ സാധുവാകില്ല. അറിയാതെ നമസ്കാരത്തിലേർപ്പെടുകയും ഇടക്ക് അതെപ്പറ്റി ബോധവാനാവുകയും ചെയ്താൽ, നബി(സ) ചെയ്തതുപോലെ മലിനമായത് ഒഴിവാക്കി നമസ്കാരം പൂർത്തിയാക്കാം. അതിനു സാധിക്കുകയില്ലെങ്കിൽ നമസ്കാരം മടക്കണം.

മാലിന്യത്തിന്റെ സൂക്ഷ്മമായ അംശം ശരീരത്തിലോ വസ്ത്രത്തിലോ പുരണ്ടതിന്റെ പേരിൽ നമസ്കാരം അസാധുവാകില്ല. പരിഗണനീയമായ തോതിൽ മാലിന്യം ഉള്ളപ്പോഴാണ് അസാധുവാകുക. സാധാരണ മാലിന്യത്തിന്റെ പരിഗണനീയമായ അളവാണ് ഒരു ദിർഹമോളം എന്ന് അബൂഹനീഫ നിർണയിച്ചിട്ടുള്ളത്. ചില മാലിന്യങ്ങൾ അതിനെക്കാൾ കുറവായാലും അറപ്പുളവാക്കുന്നതാണ്. ചിലതിന്റെ ചെറിയ അംശത്തിൽനിന്നു തന്നെ ദുർഗന്ധം വമിക്കുകയും ചെയ്യും. അത്തരം വൃത്തികേടുകൾക്ക് ഇപ്പറഞ്ഞ പരിമാണം സ്വീകാര്യമാവുകയില്ല. അങ്ങനെയുള്ളവ എത്ര കുറച്ചാണെങ്കിലും ശുദ്ധീകരിച്ചിരിക്കേണ്ടതാണ്.

ശുദ്ധി നമസ്കാരത്തിൽ മാത്രം ആവശ്യമായ സംഗതിയല്ല. നമസ്കാരത്തിലല്ലാത്തപ്പോഴും സത്യവിശ്വാസി തന്റെ ശരീരവും വസ്ത്രവും ശുചിയാക്കിവെക്കേണ്ടത് നിർബന്ധമാകുന്നു. നമസ്കാരവും ഖുർആൻ പാരായണവും പോലെ മറ്റു ജീവിത വ്യവഹാരങ്ങൾ അശുദ്ധമായ അവസ്ഥയിൽ ചെയ്യാൻപാടില്ലെന്നോ ചെയ്താൽ അസാധുവാകുമെന്നോ നിയമമില്ലെന്നു മാത്രം.

**109:** بناء (കെട്ടിടം) എന്ന പദത്തിന്റെ മറ്റൊരു രൂപമാണ് بنيان. ഇത് ഏകവചനമായും ബഹുവചനമായും ഉപയോഗിക്കുന്നു. വിളുമ്പ്, ഓരം, തെല്ല് എന്നൊക്കെയാണ് شَفَا യുടെ അർഥം. അധരത്തിന് شفة എന്ന് പറയും. നദിയുടെയും മറ്റും ഒഴുക്കിൽ അടിമണ്ണ് കുത്തിയൊലിച്ചു പോയി, ഇടിഞ്ഞുവീഴാൻ പാകത്തിൽ നിൽക്കുന്ന മൺതിട്ടയാണ് جُرُفٍ. തകർന്നു വീഴുന്നത് എന്നാണ് هَارٍ ന്റെ അർഥം. هار–يهور എന്നക്രിയയുടെ കർതൃവചനമായ هائر ൽനിന്ന് മധ്യാക്ഷരമായ ഹംസ്(ء) കളഞ്ഞതാണ് هار. പുറമെനിന്നുള്ള കാരണമൊന്നുമില്ലാതെ സ്വയം തകർന്നുവീഴുക എന്ന അർഥത്തിലുള്ള انهيار ൽനിന്നുള്ള ഭൂതകാലക്രിയയാണ് انهار.

ദൈവഭക്തിയുടെയും അവന്റെ പ്രീതിയുടെയും അടിത്തറയിലല്ലാതെ ഭൗതികാഭിനിവേശങ്ങളുടെ അടിത്തറയിൽ കർമസൗധം കെട്ടിപ്പടുക്കുന്നവരുടെ പതനത്തെ അതിശക്തമായും എന്നാൽ അതീവ ലളിതമായും വിശദീകരിക്കുന്ന ഒരു രൂപകമാണിവിടെ അവതരിപ്പിച്ചിരിക്കുന്നത്. വ്യാഖ്യാനം ആവശ്യമില്ലാത്തവണ്ണം സ്വയം വ്യക്തമാണിതിന്റെ ആശയം. നമുക്കുചുറ്റും നമ്മിൽതന്നെയും ഇതിന്റെ എത്രയോ ഉദാഹരണങ്ങൾ കാണാൻ കഴിയും. മഹാസ്വപ്നങ്ങൾ നെയ്തെടുത്ത് വലിയ വലിയ തന്ത്ര

ങ്ങളാസൂത്രണം ചെയ്തുനടത്തുന്ന എത്രയെത്ര സംരംഭങ്ങളാണ് എവിടെയുമെത്താതെ തകർന്നുപോകുന്നത്. വ്യക്തിയുടെ ജീവിതത്തിൽ മാത്രമല്ല, സമുദായങ്ങളുടെയും രാഷ്ട്രങ്ങളുടെയും ജീവിതത്തിലും ഇതു നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നു. ലോകത്തെ അടക്കിവാഴാൻവന്ന കമ്യൂണിസം എവിടെ? കമ്യൂണിസത്തെ വിഴുങ്ങി എന്ന് ഊറ്റംകൊള്ളുന്ന മുതലാളിത്തത്തിന്റെ അവസ്ഥയെന്താണ്? എല്ലാം മണൽകൊട്ടാരങ്ങൾ പോലെ ഇടിഞ്ഞുവീണുകൊണ്ടിരിക്കുകയാണ്.

ഇവിടെ ദൈവനിഷേധപരമായ കർമ സൗധങ്ങൾ തകർന്നുവീഴുമെന്നു മാത്രം പറയാതെ, നരകത്തീയിലേക്കു തകർന്നുവീഴും -فَٱنْهَارَ بِهِۦ فِى نَارِ جَهَنَّمَ-എന്നു പറഞ്ഞത് ശ്രദ്ധേയമാണ്. അടിമണ്ണിളകിയ തറയിൽ കെട്ടിപ്പൊക്കിയ സൗധങ്ങൾ ഇടിഞ്ഞുവീഴുന്നതുകാണാൻ അതിന്റെ സമകാലീനർക്കു കഴിഞ്ഞെന്നു വരില്ല. പക്ഷേ, പതനം അനിവാര്യമാണ്. അതിന്റെ നിർമാതാക്കളെ സംബന്ധിച്ചേടത്തോളം മരണത്തോടെ തന്നെ അവരും അവരുടെ സൗധവും നരകാഗ്നിയിൽ തകർന്നുവീഴുകയായി. ദൈവം, പരലോകം, പരലോകത്തെ കർമഫലം ഇതിന്റെയെല്ലാം നിഷേധമായിരുന്നു അവരുടെ കർമജീവിതത്തിന്റെ അടിത്തറ. ഇഹലോകവാസം വെടിയുന്നതോടെ ഈ അടിത്തറ തികച്ചും മിഥ്യയായിരുന്നുവെന്ന് അനുഭവപ്പെടുകയും സ്വപ്നങ്ങളെല്ലാം തകർന്നുവീഴുകയും ചെയ്യുന്നു. ആ വീഴ്ചയുടെ ഫലമാകട്ടെ, സ്വപ്നഭംഗത്തിന്റെ നിരാശ മാത്രമായിരിക്കുകയില്ല. ശാശ്വതമായ നരകത്തീയിലേക്കാണവർ ചെന്നുവീഴുന്നത്.

ഈ സൂക്തത്തിൽ മാർഗദർശനം ചെയ്യുന്നില്ല -لَا يَهْدِى- എന്ന വാക്യത്തിന്റെ താൽപര്യം, അവരുദ്ദേശിച്ച ലക്ഷ്യത്തിലേക്കുള്ള മാർഗദർശനമാണ്. അതായത്, ഇത്തരം ദൈവനിഷേധപരമായ നടപടികളിലേർപ്പെടുന്നവർക്ക് അവരുടെ ലക്ഷ്യംനേടാനുള്ള മാർഗം അല്ലാഹു കാണിച്ചുകൊടുക്കുകയില്ല; അഥവാ അല്ലാഹുവിന്റെ സുന്നത്തിൽ, പ്രകൃതിയിൽ അതിനു പഴുതില്ല.

**110:** അവതരണ പശ്ചാത്തലത്തിൽവെച്ചു വായിക്കുമ്പോൾ بُنْيَـٰنُهُمُ (അവരുടെ കെട്ടിടം) കൊണ്ട് സൂചിപ്പിക്കുന്നത് കപടന്മാർ നിർമിച്ച മസ്ജിദുദ്ദിറാറിനെയാണ്. അതുകൊണ്ട് അവരുദ്ദേശിച്ചതൊന്നും നേടാൻ പോകുന്നില്ലെന്നുമാത്രമല്ല, അതിന്റെ നിർമാതാക്കളായി എന്നത് എന്നും മനഃക്ലേശമായി നിലനിൽക്കുകയും ചെയ്യും. അവരുടെ ഹൃദയം ഛിന്നഭിന്നമായിപ്പോകുന്നതുവരെ അഥവാ അവർ മരിച്ചുപോകുന്നതുവരെ അതൊരു സന്ദേഹമായി, ഉൽകണ്ഠയായി അവശേഷിക്കും. മസ്ജിദുദ്ദിറാറിനോട് മാത്രമായി ബന്ധിപ്പിക്കാതെ പൊതുവായിട്ടെടുക്കുമ്പോൾ ആശയം ഇതാണ്: ദൈവധിക്കാരപരമായ നിർമിതികളിലേർപ്പെട്ടവർ നിർമിച്ചത് അവരുടെ മനസ്സിനെ എന്നും അസ്വസ്ഥവും ഉൽകണ്ഠാകുലവുമാക്കിക്കൊണ്ടിരിക്കും. മരണംവരെ അവർക്കതിൽനിന്നു മോചനമുണ്ടായിരിക്കുകയില്ല. വലിയ വീരവാദങ്ങൾമുഴക്കി നടത്തുന്ന പ്രവർത്തനങ്ങളിലൊന്നും യഥാർഥത്തിൽ അവർക്ക് ഉറച്ച വിശ്വാസമില്ല. തങ്ങളുടെ സിദ്ധാന്തങ്ങൾ, ആസൂത്രണങ്ങൾ, നടപടികൾ ഒക്കെ യാഥാർഥ്യം തന്നെയാണോ, സിദ്ധാന്തങ്ങൾ വഞ്ചിക്കപ്പെടുമോ, നിർമിതികൾ തകർന്നുപോകുമോ, ആസൂത്രണങ്ങൾ പിഴക്കുമോ എന്നീ സന്ദേഹങ്ങൾ അവരെ വേട്ടയാടിക്കൊണ്ടിരിക്കും. മരണംവരെ അതിൽനിന്നവർക്കു മോചനമുണ്ടാവില്ല. ദൈവഭക്തിയിലും പ്രീതിയിലും അധിഷ്ഠിതമായി പ്രവർത്തിക്കുന്നവരിൽ ഇത്തരം ആശങ്കകൾക്കും ഉൽകണ്ഠകൾക്കും ഇടമില്ല. തങ്ങളുടെ നിർമിതി സുഭദ്രമായ അടത്തറയിലാണെന്ന് അവർക്കുറപ്പുണ്ട്. ചെയ്യാൻ കടപ്പെട്ടകാര്യം, കൽപിക്കപ്പെട്ട കർമം ചെയ്താൽ അവരുടെ നിർമിതി പൂർത്തിയായി. അവർ ലക്ഷ്യംപ്രാപിച്ചു. ആ കർമത്തിന്റെ ഭൗതിക ഫലം അവരുടെ ഉത്തരവാദിത്വത്തിൽ പെട്ടതല്ല; അല്ലാഹുവിന്റെ ഉത്തരവാദിത്വത്തിൽ പെട്ടതാണ്. അവൻ ഉദ്ദേശിച്ചത് ഉളവാക്കിക്കൊള്ളും. മറ്റൊരു വ്യാഖ്യാനം ഇതാണ്: മസ്ജിദുദ്ദിറാർ നിർമാണത്തിലൂടെ കപടവിശ്വാസികൾ അവരുടെ അന്തരാളത്തിൽ കാപട്യം ഊട്ടിയുറപ്പിച്ചിരിക്കുന്നു. അവരുടെ രക്തത്തിൽ അതലിഞ്ഞു ചേർന്നിരിക്കുന്നു. മനസ്സുകളെ പിച്ചിച്ചീന്താതെ അവരിൽ നിന്നത് പറിച്ചെടുക്കാനാവില്ല. إِلَّآ أَن تَقَطَّعَ قُلُوبُهُمْ എന്ന വാക്യം അവതരിപ്പിക്കുന്നത്, ഒരുതരത്തിലും നിർമാർജനംചെയ്യാനാവാത്ത ദുഃസ്വാധീനങ്ങൾ മനസ്സിൽ സൃഷ്ടിക്കുന്ന തരത്തിലുള്ള കർമമാണ് മസ്ജിദുദ്ദിറാർ നിർമാണം പോലുള്ള വിനാശകരവും കുത്സിതവുമായ നടപടികൾ എന്ന ആശയത്തെയുമാവാം. ■